LIBRARY ARCHIVES Kerala Legislative Assembly

ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ ബാലുശ്ശേരി മണ്ഡലത്തിൽ ഏതെങ്കിലും സെക്ഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ?

ഇല്ല.

(ഡി) ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കെ.എസ്.ഇ.ബി.-യുടെ കൈവശം ഭൂമിയുള്ളത് എന്നറിയിക്കാമോ?

ബാലുശ്ശേരി സെക്ഷനാഫീസ് കെട്ടിടം ബാലുശ്ശേരി സബ്സ്റ്റേഷൻ പരിസരത്ത് പണിയുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

ഈരാറ്റുപേട്ട കെ.എസ്.ഇ.ബി. മേജർ സെക്ഷൻ വിഭജനം

221(5380) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരുപത്തിരണ്ടായിരം ഉപഭോക്താക്കളുള്ള ഈരാറ്റുപേട്ട കെ.എസ്.ഇ.ബി. മേജർ സെക്ഷൻ വിഭജിച്ച് പാലാ നിയോജക മണ്ഡലത്തിലെ കളത്തുക്കടവിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഈരാറ്റുപേട്ട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജിച്ച് പാലാ നിയോജക മണ്ഡലത്തിലെ കളത്തുകടവ് കേന്ദ്രമാക്കി കെ.എസ്.ഇ. ബി.എൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിവേദനത്തിന്മേൽ പരിശോധന നടത്തിയിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.